മാതൃഭൂമി
31 March 2017

# സി.എം.എഫ്.ആർ.ഐ.ക്ക് ബംഗാളിൽ ഗവേഷണ കേന്ദ്രം

**കൊച്ചി:** കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ബംഗാളിലെ ദിഘയിൽ പുതിയ ഗവേഷണ കേന്ദ്രം തുറന്നു.

സി.എം.എഫ്.ആർ.ഐ.യുടെ 11-ാമത്തെ ഗവേഷണ കേന്ദ്രമാണിത്. ബംഗാളിലെയും ഒഡീഷയിലെയും സമുദ്ര മത്സ്യ മേഖലയുടെ വികസനത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഇവിടെ പ്രാധാന്യം നൽകുക. ബംഗാളികൾക്ക് പ്രിയങ്കരമായ ഹിൽസ മത്സ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരമായ മീൻപിടിത്തത്തിനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾക്ക് പുതിയ ഗവേണ കേന്ദ്രം ഊന്നൽ നൽകും.

വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബംഗാൾ, ഒഡീഷ സർക്കാറുകൾക്ക് പഠന നിർദ്ദേശങ്ങൾ കൈമാറും.

സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച കടൽമത്സ്യ കൂടുകൃഷി സമ്പ്രദായം ബംഗാളിലെയും ഒഡീഷയിലെയും മത്സ്യത്തൊഴിലാളികൾക്കിടയിൽ ജനകീയമാക്കുന്നതിന് പുതിയ ഗവേഷണ കേന്ദ്രത്തിനു കീഴിൽ പ്രവർത്തനങ്ങൾ നടക്കും.